# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.399

## 29-01-2019 ൽ മറുപടിക്ക്

## കിഫ്ബി മാനദണ്ഡങ്ങളിൽ ഭേദഗതി

| ചോദ്യം<br>ശ്രീ.ജോർജ്ജ് എം. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളിൽ സ്ഥലമേറ്റെടുക്കുന്നതിന് എവിടെയെങ്കിലും നഷ്ടപരിഹാരം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) റോഡ് വികസന പ്രവൃത്തികൾക്ക് സൗജന്യമായി ഭൂമി ലഭിക്കാത്തയിടങ്ങളിൽ റോഡിന്റെ വീതി സംബന്ധിച്ച കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | നിലവിൽ വ്യക്തമായ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കിഫ്ബി പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകുന്നത്. ഈ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനു മുൻപ് ബോർഡ് അംഗീകാരം നൽകിയ ചില പദ്ധതികളെ വിലയിരുത്തിയ ശേഷം അവയുടെ പ്രാധാന്യം കണക്കിലെടുത്ത് ചില ഇളവുകളോടെ ബോർഡ് അംഗീകാരം നൽകി വരുന്നു. |
| (സി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ